**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 904** **30-06-2022 - ൽ മറുപടിയ്ക്ക്**

**തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ 27 ഡിപ്പോകൾ കേന്ദ്രീകരിച്ച് തടി ലേലത്തിൽ അഴിമതി നടക്കുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഇത്തരം റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഗുണമേന്മയുള്ള തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ഗുണമേന്മയുള്ള തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യാറില്ല. ജി.എസ്.റ്റി. നിയമപ്രകാരമുള്ള നോട്ടിഫിക്കേഷൻ G.O(P) No.63/2017/Tax(B) Department തീയതി 30.06.2017 പ്രകാരം ഫയർ വുഡ്ഡിന് ജി.എസ്.റ്റി. ബാധകമല്ലാത്തതിനാൽ നല്ലതരം ബില്ലറ്റുകൾ ഫയർ വുഡ്ഡായി തരം തിരിക്കുകയാണെങ്കിൽ സർക്കാരിന് നികുതിയിനത്തിൽ നഷ്ടം സംഭവിക്കുവാൻ സാദ്ധ്യത ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിംബർ ക്ലാസിഫിക്കേഷൻ റൂൾ കർശനമായി പാലിച്ച് തടി, ബില്ലറ്റ്സ്, ബില്ലറ്റ്സ് (ബി.എസ്), വിറക് എന്നിവ യഥാവിധം തരം തിരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ കർശന മാർഗ്ഗ നിർദ്ദേശങ്ങൾ 23.11.2021 ൽ 12/2021 നമ്പരായി സർക്കുലർ പുറപ്പെടുവിച്ച്, ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ഉൾപ്പെടെ എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും, വിജിലൻസ് വിഭാഗത്തിനും നൽകി കർശന പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ വകുപ്പ്തല അവലോകന യോഗങ്ങളിൽ ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | ഇത്തരത്തിൽ എത്ര തുകയുടെ തടിയാണ് ലേലത്തിൽ നൽകിയതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഗുണമേന്മയുള്ള തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യാറില്ല. ആകയാൽ നഷ്ടം സംഭവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ജി.എസ്.ടി. ഇനത്തിൽ ഇതിലൂടെ സർക്കാർ ഖജനാവിന് നഷ്ടമായ തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഗുണമേന്മയുള്ള തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യാറില്ല. ആകയാൽ നഷ്ടം സംഭവിച്ചിട്ടില്ല. |
| (ഇ) | എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | (ഇ) | ഗുണമേന്മയുള്ള തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യാറില്ല. ആകയാൽ നഷ്ടം സംഭവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ